**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 209** **13-02-2024 - ൽ മറുപടിയ്ക്ക്**

**കൈത്തറി മേഖലയിലെ വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീമതി ദെലീമ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ കൈത്തറി മേഖലയിൽ നടപ്പാക്കി വരുന്ന വികസന പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തി പരിഹാരം നിർദ്ദേശിക്കുന്നതിനായി വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് കൈത്തറി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി അഞ്ചംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയുടെ പുരോഗതിക്കും സമഗ്രമായ വികസനത്തിനും ഭാവിയിൽ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കു ന്നതിനുമാണ് ഈ സമിതി രൂപീകരിച്ചിട്ടുള്ളത്.<br><br>കൈത്തറി മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, തറികളുടെ ആധുനികവൽക്കരണം, ഉല്പാദനക്ഷമത മെച്ചപ്പെടുത്തൽ, തറികളുടെ ഘടനയും പ്രവർത്തന ലഘൂകരണവും സംബന്ധിച്ചുള്ള പഠനം, നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും പരിശീലനം നൽകി കാര്യശേഷി വർധിപ്പിക്കൽ, മേഖലയിൽ മൂല്യ വർദ്ധനയ്ക്കുള്ള സാധ്യതയെക്കുറിച്ചുള്ള പഠനം നടത്തുക, അപെക്സ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തൽ, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുക സ്വകാര്യ സംരംഭകരുടെ പ്രോത്സാഹനം എന്നിവയുടെ സമഗ്രപഠനമാണ് ഈ സമിതിയുടെ പ്രധാന ലക്ഷ്യങ്ങൾ.<br><br>പ്രസ്തുത സമിതി ഓരോ ജില്ലകളിലുമുള്ള സംഘങ്ങളിൽ പോയി നേരിട്ട് പഠനം നടത്തി വരുന്നു.<br><br>കൂടാതെ തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, കണ്ണൂർ, പാലക്കാട്, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിലെ കൈത്തറി സംഘം പ്രതിനിധികൾ, ഫാഷൻ ഡിസൈനേഴ്സ്, എക്സ്പോർട്ടേഴ്സ് |

| | | | |
|---|---|---|---|
| | | | എന്നിവരുമായി സമിതിയംഗങ്ങൾ കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്. ടി സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൈത്തറി മേഖലയിൽ പുതിയ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ് |
| (സി) | യുവതലമുറയെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനായി പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. സംസ്ഥാനത്ത് കൈത്തറി മേഖലയിലേയ്ക്ക് യുവതലമുറയെ ആകർഷിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>യുവ വീവ് പദ്ധതി</u>**<br><br>കൈത്തറി നെയ്ത്തു വ്യവസായ രംഗത്ത് തൊഴിൽ രഹിതരായ യുവജനങ്ങളെ ആകർഷിക്കുന്നതിന് വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. 18നും 40നും മദ്ധ്യേ പ്രായമുള്ള യുവതീ യുവാക്കളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ പദ്ധതിയിൽ അംഗമാകുന്നവർക്ക് ആദ്യ 3 മാസം 200/- രൂപ സ്റ്റൈപന്റോടു കൂടി കൈത്തറി നെയ്ത്തു പരിശീലനം നൽകുകയും പരിശീലനം പൂർത്തിയാക്കുന്നവർക്ക് അടുത്ത 3 മാസത്തേക്ക് 125/- രൂപ വേജ് സപ്പോർട്ട് ഇനത്തിൽ അനുവദിച്ചു നൽകുകയും ചെയ്യുന്നു. പരിശീലനം പൂർത്തിയാ യവർക്ക് സൗജന്യമായി തറിയും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നു.<br><br>പ്രസ്തുത പരിശീലനത്തിന് ശേഷം കൈത്തറി വസ്ത്രം നെയ്യുന്നവർക്ക് പ്രതിമാസം 75മീറ്റർ തുണി നെയ്താൽ 250 രൂപ സർക്കാർ വിഹിതവും തുല്യ തുക അംഗത്തിന്റെ വിഹിതവും ചേർത്ത് പോസ്റ്റ് ഓഫീസ് നിക്ഷേപം നടത്തുന്നതുമാണ്. ഈ പദ്ധതി പ്രകാരം 5 വർഷത്തോളം നെയ്ത്ത് പ്രവൃത്തി എടുക്കുന്ന വ്യക്തിക്ക് കൈത്തറി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ മുഖേനയുള്ള ആനുകൂല്യത്തിന് അർഹതയുണ്ട്. ഈ പദ്ധതിയിലൂടെ കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തൊട്ടാകെ ആകെ 160 യുവതീയുവാക്കൾക്ക് കൈത്തറി നെയ്ത്ത് മേഖലയിൽ വിദഗ്ധ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം സംസ്ഥാനത്തൊട്ടാകെ 20 പേർ അടങ്ങുന്ന 7 ബാച്ചുകളിലൂടെ 140 പേർക്ക് പരിശീലനം നൽകുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.<br><br>**<u>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ് ലൂം ടെക്നോളജികളിലെ ഡിപ്ലോമ ഇൻ ഹാന്റ് ലൂം & ടെക്സ്റ്റൈൽ ടെക്നോളജി വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ്</u>** |

| | | | |
|---|---|---|---|
| | | | യുവതലമുറയെ കൈത്തറി മേഖലയിലേക്ക് ആകർഷിക്കുന്നതിനായി കണ്ണൂർ/സേലം എന്നിവിടങ്ങളിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി (ഐ.ഐ.എച്ച്.റ്റി)കളിൽ കൈത്തറി സാങ്കേതിക വിദ്യയിൽ ഡിപ്ലോമ കോഴ്സായ ഡിപ്ലോമ ഇൻ ഹാന്റ്ലൂം & ടെക്സ്റ്റൈൽ ടെക്നോളജി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ് നൽകി വരുന്നു. ഇതുവഴി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും ഈ മേഖലയിലേക്ക് കടന്നുവരാനാകും. പ്രസ്തുത കോഴ്സിലേയ്ക്ക് നെയ്ത്തു വിഭാഗത്തിൽപ്പെട്ടവർക്ക് 20% സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്.<br><br>**പ്രൊഫഷണൽ ഡിസൈനർമാരുടെ നിയമനം.**<br><br>പ്രൊഫഷണൽ ഡിസൈനർമാരെ നിയമിക്കുന്ന പദ്ധതി പ്രകാരം ഹാന്റക്സ്, ഹാൻവീവ് എന്നിവിടങ്ങളിലെ ഡിസൈൻ സെന്ററുകളിൽ 10 പ്രൊഫഷണൽ ഡിസൈനർമാരെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി കണ്ണൂർ വഴി നിയമിച്ചിട്ടുണ്ട്. ഇതിലൂടെ ഉപഭോക്താക്കളുടെ താത്പര്യത്തിനും സമകാലിക പ്രവണതകൾക്കും അനുസരിച്ചുള്ള മൂല്യ വർദ്ധിത കൈത്തറി ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനായി സാധിക്കുന്നു. കൈത്തറി നെയ്ത്തുകാർക്ക് പുതിയ ഡിസൈനുകൾ പരിചയപ്പെടുത്തി കൊടുക്കുക, ഓരോ പ്രദേശത്തേയും നെയ്ത്തുകാർക്ക് കുറഞ്ഞത് ഒരു ഡിസൈനറുടെ സേവനമെങ്കിലും ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. കേരളത്തിൽ പുതുതായി ഡിസൈൻ ലാബുകൾ സ്ഥാപിക്കാൻ 2024-25 ലെ ബഡ്ജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിലൂടെ യുവജനങ്ങളെ കൈത്തറി മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും കൈത്തറി ഉൽപ്പന്നങ്ങൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രവണതയുണ്ടാക്കുവാനും സാധിക്കും |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

ഈ സർക്കാർ കൈത്തറി മേഖലയിൽ നടപ്പാക്കി വരുന്ന വികസന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**(I) <u>മൂലധന സഹായ പദ്ധതികൾ</u>**

**(1) പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം**

സഹകരണ സംഘങ്ങൾക്ക് ആസ്തി സൃഷ്ടിക്കുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കാനും നെറ്റ് ഡിസ്പോസിബിൾ വിഭവശേഷി ഉയർത്തുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. കുടിൽ വ്യവസായ/ഫാക്ടറി മാതൃക/പട്ടിക ജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ എന്നിവയുടെ വിപുലീകരണം, ആധുനികവത്ക്കരണം, പുനരുദ്ധാരണം എന്നിവയ്ക്കായി കൃത്യമായ പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ ഓരോ സംഘത്തിനും പരമാവധി 5 ലക്ഷം രൂപയുടെ ഓഹരി പങ്കാളിത്തമാണ് ഈ പദ്ധതിയിൻ കീഴിൽ നൽകുന്നത്.

പ്രസ്തുത പദ്ധതിയിലൂടെ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലായി യഥാക്രമം 84 ലക്ഷം, 48.53 ലക്ഷം രൂപ എന്നിങ്ങനെ ചെലവഴിച്ചിട്ടുണ്ട്.

**(2)ഹാന്റെക്സ്, ഹാൻവീവ് എന്നിവയിലെ സർക്കാർ ഓഹരി പങ്കാളിത്തം**

ഹാന്റെക്സ്, ഹാൻവീവ് എന്നിവയുടെ മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുക്കുന്നതിന് അർഹമാക്കുന്നതിനുമാണ് ഓരോ വർഷവും സർക്കാർ ഓഹരി പങ്കാളിത്തം നൽകിവരുന്നത്. ഇ-ഗവേണൻസ്, ഡിസൈൻ വികസനം, ആധുനികവൽക്കരണം, ഉൽപ്പന്നങ്ങളിലെ വൈവിധ്യവൽക്കരണം, ഷോറൂമുകളുടെ നവീകരണം എന്നിവയ്ക്കായി ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു.

ഈ പദ്ധതിയ്ക്കായി 2021-22, 2022-23 സാമ്പത്തിക വർഷത്തിൽ യഥാക്രമം 200 ലക്ഷം രൂപ, 238.75 ലക്ഷം രൂപ ചെലവഴിച്ചു.

**(II) <u>പ്രോത്സാഹനത്തിനും വികസനത്തിനുമായുള്ള പദ്ധതികൾ</u>**

**(1) നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി**

**<u>കഴിനൂൽ സബ്സിഡി</u>**

കൈത്തറി നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുവായ നൂൽ; ഹാൻറക്സ്, ഹാൻവീവ് മറ്റ് സഹകരണ യാൺ ബാങ്കുകൾ എന്നിവ വഴി ന്യായമായ വിലക്ക് യഥാസമയം നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. യാൺ ബാങ്കുകൾ വാങ്ങി സബ്സിഡി നിരക്കിൽ കൈത്തറി സഹകരണ സംഘങ്ങൾക്ക് /നെയ്ത്ത്കാർക്ക് വിതരണം നടത്തുന്ന നൂലിന് സബ്സിഡി അനുവദിക്കുന്നു. എല്ലാ കൗണ്ടിലും പെട്ട കോട്ടൺ നൂലുകളും ഈ പദ്ധതി പ്രകാരം സബ്സിഡിക്ക് അർഹമാണ്.

**ചായം, രാസവസ്തുക്കൾ എന്നിവയ്ക്കുള്ള സബ്സിഡി**

കൈത്തറി നെയ്ത്തുകാരുടെ അസംസ്കൃത വസ്തുവായ നൂലിന് പുറമേയുള്ള മറ്റ് അസംസ്കൃത വസ്തുക്കളായ ചായം, രാസപദാർത്ഥങ്ങൾ എന്നിവ ഹാന്റക്സ്, ഹാൻവീവ്, മറ്റ് സഹകരണ യാൺബാങ്കുകൾ എന്നിവ വഴി ന്യായമായ വിലയ്ക്ക് കൈത്തറി സംഘങ്ങൾക്ക് / നെയ്ത്തുകാർക്കും യഥാസമയം ലഭ്യമാക്കുന്ന പദ്ധതിയാണിത്. ഇപ്രകാരം യാൺ ബാങ്കുകൾ വാങ്ങി സബ്സിഡി നിരക്കിൽ കൈത്തറി സംഘങ്ങൾക്ക് / നെയ്ത്തുകാർക്ക് വിതരണം നടത്തിയ ചായങ്ങളുടെയും രാസപദാർത്ഥങ്ങളുടെയും വാങ്ങിയ വിലയുടെ 10% സബ്സിഡിയായി നൽകുകയും ചെയ്യുന്നു. നെയ്ത്തുകാർക്ക് മേൽത്തരം അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനായുള്ള സബ്സിഡി ഇനത്തിൽ 2021-22, 2022-23 സാമ്പത്തിക വർഷത്തിൽ യഥാക്രമം 44.50 ലക്ഷം രൂപ, 39.35 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**(2) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ**

ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലക്ക് യഥാസമയം നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നുവെന്നു ഉറപ്പാക്കുന്നതിനുള്ള പദ്ധതിയാണിത്. ഹാൻറക്സ്, ഹാൻവീവ് മറ്റ് യാൺ ബാങ്കുകൾക്ക് നൂൽ, മറ്റ് അസംസ്കൃത വസ്തുക്കൾ എന്നിവ വാങ്ങി പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിന് പ്രവർത്തനമൂലധനമായാണ് മാർജിൻ മണി ലോൺ അനുവദിക്കുന്നത്.

2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലായി യഥാക്രമം 1 കോടി രൂപ, 7.50 ലക്ഷം രൂപ എന്നിങ്ങനെ ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

**(III) കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ**

കൈത്തറി മേഖലയിൽ സംരംഭകത്വവും തൊഴിലും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് സ്വയം തൊഴിൽ സൃഷ്ടിക്കൽ പദ്ധതി. യൂണിറ്റുകൾ ആരംഭിക്കൽ/മൂല്യ വർദ്ധിത കൈത്തറി ഉല്പന്നങ്ങൾ/ നൂതന ഉല്പന്നങ്ങളുടെ രൂപകല്പന എന്നിവക്കായി ബാങ്ക് സഹായത്തിന് അർഹമായ പദ്ധതികൾക്ക് മാർജിൻമണി സഹായം (പദ്ധതി ചെലവിന്റെ പരമാവധി 40 ശതമാനം വരെ) നൽകുന്നതാണ്, സ്വയം തൊഴിൽ സൃഷ്ടിക്കൽ പദ്ധതി.

ഈ പദ്ധതിക്കായി 2021-22, 2022-23 സാമ്പത്തിക വർഷം യഥാക്രമം 2.88 ലക്ഷം രൂപ 8.20 ലക്ഷം രൂപ എന്നിങ്ങനെ ചെലവഴിച്ചു.

**(IV)യുവവീവ് പദ്ധതി**

തൊഴിൽ രഹിതരായ യുവജനങ്ങളെ കൈത്തറി നെയ്ത്തു വ്യവസായ രംഗത്ത് ആകർഷിക്കുന്നതിന് വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. 18 നും 40 നും മദ്ധ്യേ പ്രായമുള്ള യുവതീ യുവാക്കളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ പദ്ധതിയിൽ അംഗമാകുന്നവർക്ക് ആദ്യ 3 മാസം 200/- രൂപ സ്റ്റൈപന്റോടു കൂടി കൈത്തറി നെയ്ത്തു പരിശീലനം നൽകുകയും പരിശീലനം പൂർത്തിയാക്കുന്നവർക്ക് അടുത്ത 3 മാസത്തേക്ക് 125/- രൂപ വേജ് സപ്പോർട്ട്

ഇനത്തിൽ അനുവദിച്ചു നൽകുകയും ചെയ്യുന്നു. പരിശീലനം പൂർത്തിയായവർക്ക് സൗജന്യമായി തറിയും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നു.

2021–22, 2022–23 സാമ്പത്തിക വർഷങ്ങളിലായി 45 ലക്ഷം രൂപ, 22.42 ലക്ഷം രൂപ എന്നിങ്ങനെ ഈ പദ്ധതിയിൻ കീഴിൽ ചെലവഴിച്ചു .

### (V) <u>നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പരിപാടി</u>

ജോലിയുടെ ശാസ്ത്രീയമായ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കിയും, വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിലും , അംഗീകൃത മാർഗ്ഗ നിർദ്ദേശപ്രകാരവും നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും പ്രോത്സാഹനം നൽകി ഉല്പാദനക്ഷമത മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ഈ പദ്ധതിയ്ക്കായി 600 ലക്ഷം രൂപ, 399.14 ലക്ഷം രൂപ എന്നിങ്ങനെ യഥാക്രമം 2021–22, 2022–23 സാമ്പത്തിക വർഷങ്ങളിലേയ്ക്കായി അനുവദിച്ചു ചെലവഴിച്ചിട്ടുണ്ട്.

### <u>(VI)ഇൻകം സപ്പോർട്ട് സ്കീം</u>

ഒരു ദിവസം 75 രൂപയ്ക്കും, 100 രൂപയ്ക്കും ഇടയിൽ വരുമാനം ലഭിക്കുന്ന നെയ്ത്ത് തൊഴിലാളികൾക്ക് അവരുടെ ദിവസ വേതനം 150 രൂപയായി നൽകുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇൻകം സപ്പോർട്ട് സ്കീം. ഒരു വർഷം 100 ദിവസങ്ങളിലേയ്ക്കാണ് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നത്.

### (VII) <u>കൈത്തറി ഗ്രാമം / സമഗ്ര കൈത്തറി ഗ്രാമം സ്ഥാപിക്കുക</u>

സംസ്ഥാനത്തെ കൈത്തറി വ്യവസായത്തിന്റെ ഉന്നമനത്തിനായും വിപണനത്തിന്റെ വളർച്ചയ്ക്കായും ആവിഷ്കരിച്ച പദ്ധതിയാണ് കൈത്തറി ഗ്രാമം / സമഗ്ര കൈത്തറി ഗ്രാമം പദ്ധതി. കൈത്തറി നെയ്ത്തുകാർ കേന്ദ്രീകരിച്ചിരിക്കുന്ന പ്രദേശത്ത് കൈത്തറി വ്യവസായത്തിന്റെ പരിണാമം, നെയ്ത്തുകാരുടെ കലാവൈഭവ സമ്പത്ത്, മുഴുവൻ നെയ്ത്ത് പ്രക്രിയ എന്നിവ പ്രദർശിപ്പിക്കുകയും അതുവഴി കൈത്തറി മേഖലയ്ക്ക് സ്വദേശ / വിദേശ വിപണി കൂടുതലായി കണ്ടെത്തുകയുമാണ് പദ്ധതി ലക്ഷ്യം. ഡൈയിംഗ്, പൊതു സൌകര്യങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒരു പൊതു സൗകര്യ കേന്ദ്രം എറണാകുളം ജില്ലയിലെ ചേന്ദമംഗലത്തുള്ള കൈത്തറി ഗ്രാമം പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. ചേന്ദമംഗലം കൈത്തറി ഗ്രാമത്തിൽ 3.46 കോടി രൂപ ചെലവഴിച്ചു നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

കണ്ണൂരിലെ കാഞ്ഞിരോട് നെയ്ത്ത് സംഘത്തോടനുബന്ധിച്ച് ഒരു സമഗ്ര കൈത്തറി ഗ്രാമം സ്ഥാപിക്കുന്നതിനായി കാഞ്ഞിരോട് കൈത്തറി ഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കൈത്തറി ഉല്പന്നങ്ങളുടെ ഉല്പാദനവും, പ്രദർശനവും, വില്പനയും നടക്കുന്നതിനാൽ ഈ ഗ്രാമം വിനോദ സഞ്ചാര കേന്ദ്രമായി മാറുകയും ചെയ്യും.

കാഞ്ഞിരോട് കൈത്തറി ഗ്രാമം പദ്ധതിയ്ക്കായി സ്ഥലം ക്ലിയറൻസിനായി 5 ലക്ഷം രൂപ അനുവദിച്ച് വിനിയോഗിച്ചിട്ടുണ്ട്.

## (VIII) <u>പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ</u>

### (1) അംശദാന സമ്പാദ്യ പദ്ധതി

കൈത്തറി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കൈത്തറി തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനും പ്രോത്സാഹനത്തിനും വേണ്ടിയുള്ള പദ്ധതിയാണിത്. സർക്കാരിന്റെ സമൂഹ്യ ക്ഷേമ പദ്ധതികളുടെ ഭാഗമായി രൂപീകരിച്ച ഈ പദ്ധതിയിൽ പ്രോവിഡൻറ് ഫണ്ട് മാതൃകയാണ് ഉൾകൊള്ളിച്ചിട്ടുള്ളത്. അംഗങ്ങളുടെ വരുമാനത്തിൽ നിന്നുള്ള നിശ്ചിത വിഹിതവും സംസ്ഥാന സർക്കാരിന്റെ വിഹിതവും ചേർത്താണ് ഫണ്ട് തുക സമാഹരിക്കുന്നത്.

2021–22, 2022–23 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 249.92 ലക്ഷം രൂപ, 92.63 ലക്ഷം രൂപ എന്നിങ്ങനെ ഈ പദ്ധതിയ്ക്കായി ചെലവഴിച്ചു.

### (2) കൈത്തറി നെയ്ത്തുകാർക്കുള്ള ഇൻഷ്വറൻസ് പദ്ധതി

നെയ്ത്തുകാർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയാണിത്. സംയോജിത മഹാത്മാ ഗാന്ധി ബങ്കർ ബീമാ യോജന(എം.ജി.ബി.ബി.വൈ), പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന(PMJJBY), പ്രധാൻമന്ത്രി സുരക്ഷാ ബീമാ യോജന(PMSBY) എന്നിവയാണ് പ്രധാന ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതികൾ. സംയോജിത മഹാത്മാ ഗാന്ധി ബങ്കർ ബീമാ യോജന(എം.ജി.ബി.ബി.വൈ), പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന(PMJJBY) എന്നിവയ്ക്കായി കേന്ദ്ര വിഹിതത്തിന് പുറമേയുള്ള നെയ്ത്തുകാരന്റെ വിഹിതം സംസ്ഥാന വിഹിതമായി നൽകുന്നു.

## (IX) <u>ഉത്പാദനം, വിപണനം, പരിശീലനം എന്നിവയ്ക്കുള്ള പദ്ധതികൾ</u>

### (1) വിപണന – കയറ്റുമതി പ്രോത്സാഹനം

കൈത്തറി സഹകരണ സംഘങ്ങൾ, ഹാൻടെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്ക് സഹായങ്ങൾ നൽകി കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണി പ്രോത്സാഹിപ്പിക്കാനും വികസിപ്പിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. പ്രസ്തുത സ്ഥാപനങ്ങൾക്ക് ചുവടെ ചേർക്കുന്നവയ്ക്കായി സഹായം / പ്രോത്സാഹനം ഈ പദ്ധതിയിൻ കീഴിൽ നൽകി വരുന്നു.

- കയറ്റുമതി വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ കയറ്റുമതി സഹായത്തിനു പുറമേ കൈത്തറി പ്രദർശനങ്ങൾ/മേളകൾ എന്നിവയിൽ പങ്കെടുക്കുന്നതിനുള്ള സഹായം
- ബിസിനസ് ടു ബിസിനസ് മീറ്റുകൾ
- ക്രയ വിക്രയ സംഗമം
- കേന്ദ്ര സർക്കാർ സംഘടിപ്പിക്കുന്ന വ്യവസായ മേളകൾക്ക് സംസ്ഥാന സർക്കാരിന്റെ ആനുപാതിക ധനസഹായം

- ഉത്സവ കാലങ്ങളിലെ ജില്ലാ തല/മേഖലാ തല കൈത്തറി പ്രദർശനങ്ങൾ
- കൈത്തറി ഉൽപ്പന്നങ്ങൾ സ്റ്റാൻറർഡൈസ് ചെയ്യുന്നതിനുള്ള സഹായം
- നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (നിഫ്റ്റ്), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (ഐ.ഐ.എം) തുടങ്ങിയ അംഗീകൃത സ്ഥാപനങ്ങളുടെ സഹായത്തോടെ ബ്രാൻഡ് ചെയ്യുവാൻ തിരഞ്ഞെടുക്കുന്ന ഷോറൂമുകളും ഉൽപ്പന്നങ്ങളും ബ്രാൻഡ് ചെയ്യൽ
- അളവുകോലുകളുടെയും മികവിന്റേയും അടിസ്ഥാനത്തിൽ ജില്ലാ/സംസ്ഥാന തലത്തിൽ മികച്ച നെയ്ത്തുകാരനും പ്രാഥമിക സഹകരണ സംഘങ്ങൾക്കുമുള്ള അവാർഡ്

- കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗത്തെക്കുറിച്ച് പൊതു ജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി അച്ചടി, സോഷ്യൽ മീഡിയ, ദൃശ്യ, പ്രക്ഷേപണ ഉപാധികളിലൂടെ രാജ്യത്തിനകത്തും പുറത്തും പ്രചാരണം നടത്തുന്നതിനുള്ള സഹായം
- പ്രാഥമിക കൈത്തറി സംഘങ്ങൾക്കും ഹാൻവീവിന് കീഴിലുള്ള വ്യക്തിഗത നെയ്ത്തുകാർക്കും "കൈത്തറി മാർക് "സ്കീമിൽ രജിസ്റ്റർ ചെയ്യുന്നതിനായി ഗ്രാന്റ്

കൂടാതെ കേരള കൈത്തറി ടൂറിസം പാക്കേജിന്റെ (ബാലരാമപുരം, ചേന്ദമംഗലം, കുത്താമ്പുള്ളി, കണ്ണൂർ, കാസർകോഡ് എന്നിവ ഉൾക്കൊള്ളുന്ന) വികസനവും ഓൺലൈൻ, ഡിജിറ്റൽ മാർക്കറ്റിംഗിനുള്ള സഹായം എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത പദ്ധതിയ്ക്കായി 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലായി യഥാക്രമം 109.85 ലക്ഷം രൂപ, 146.58 ലക്ഷം രൂപ എന്നിങ്ങനെ ചെലവഴിച്ചു.

## (X) കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും

കൈത്തറി മേഖലയുടെ വികസനത്തിനും പ്രോത്സാഹനത്തിനും കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനുമായി കൈത്തറി സഹകരണ സംഘങ്ങളുടെ ആധുനികവൽകരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ കീഴിൽ 7 ഘടകങ്ങൾക്കായി ഫണ്ട് അനുവദിക്കുന്നുണ്ട്.

1. വർക്ക് ഷെഡ് നവീകരണം
2. വ്യക്തിഗത വർക്ക് ഷെഡ് നവീകരണം
3. ഡൈ ഹൗസ് റിപ്പയറിംഗ്
4. ഒരു വീട്ടിൽ ഒരു തറി

5. സാങ്കേതിക മേന്മ വർദ്ധിപ്പിക്കുന്നതിനും നെയ്ത്തുകാർക്ക് പുതിയ സാങ്കേതിക വിദ്യ കൈമാറ്റം ചെയ്യുന്നതിനുമുള്ള പദ്ധതി

6. തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും തറികളുടെ ഭാഗിക അറ്റകുറ്റപ്പണികൾക്കുമുള്ള ധനസഹായം.

7. വനിതാ നെയ്ത്തുകാർക്ക് റെസ്റ്റ് റൂം/സ്റ്റോറേജ് നിർമ്മാണവും ടോയ്ലറ്റ് നവീകരണവും.

2021-22, 2022-23 സാമ്പത്തിക വർഷം ഈ പദ്ധതിയ്ക്കായി 441.54 ലക്ഷം രൂപയും 319.87 ലക്ഷം രൂപയും യഥാക്രമമായി ചെലവഴിച്ചു.

### (XI) <u>പരിശീലന, വൈദഗ്ധ്യ, ശേഷി വികസന പരിപാടി</u>

കൈത്തറി, മേഖലയിലെ മൂല്യ ശൃംഖലയിലുടനീളമുള്ള പങ്കാളികൾക്ക് പരിശീലനവും നൈപുണ്യവികസനവും നൽകാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. പ്രീ പ്രോസ്സസിംഗ്/സ്പിന്നിംഗ്/നെയ്ത്ത് എന്നിവയിൽ കഴിവുകൾ വികസിപ്പിക്കൽ, ഉത്പാദനക്ഷമത മെച്ചപ്പെടുത്തൽ, മൂല്യ ശൃംഖലയിലെ എല്ലാ പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്ന നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കാനുള്ള ശേഷി കൈവരിക്കൽ, പഠനങ്ങൾ, ഇ-ഗവേണൻസ്, ഗവേഷണ വികസനത്തിനുള്ള സഹായം എന്നിവ ഈ പദ്ധതി ഉദ്ദേശ്യത്തിൽ ഉൾപ്പെടുന്നു.

പ്രസ്തുത പദ്ധതിയ്ക്കായി 121.07 ലക്ഷം രൂപ, 194.19 ലക്ഷം രൂപ എന്നിങ്ങനെ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലേക്കായി ചെലവഴിച്ചു.

### XII) <u>ദേശീയ കൈത്തറി വികസന പരിപാടി (എൻ.എച്ച്.ഡി.പി)</u>

രാജ്യത്തെ കൈത്തറി നെയ്ത്തുകാരുടെ ക്ഷേമത്തിനും, കൈത്തറിയുടെ പരിപൂർണ്ണവും സമഗ്രവുമായ വികസനത്തിനുമുള്ള കേന്ദ്ര പദ്ധതിയാണ് ദേശീയ കൈത്തറി വികസന പരിപാടി (എൻ.എച്ച്.ഡി.പി) നടപ്പിലാക്കി വരുന്നു. ഇതിലെ പ്രധാന ഘടകങ്ങൾ താഴെ പറയുന്നവയാണ്.

i. ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം.
ii. കൈത്തറി വിപണന സഹായം
iii. പശ്ചാത്തല സൗകര്യങ്ങളും പ്രത്യേക പദ്ധതികളും.
iv. മെഗാ ഹാൻഡ് ലൂം ക്ലസ്റ്റർ .
v. ഇളവുകളോടുകൂടിയ വായ്പ /നെയ്ത്തുകാരുടെ മുദ്ര ലോൺ.
vi. കൈത്തറി നെയ്ത്തുകാരുടെ ക്ഷേമം.
vii. മറ്റു ഘടകങ്ങൾ (ഗവേഷണ വികസന പദ്ധതികൾ, കൈത്തറി സെൻസസ്, പബ്ലിസിറ്റി, പരസ്യം, നിരീക്ഷണം, പരിശീലനവും സ്കീമിന്റെ വിലയിരുത്തലും, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂൾ(NIOS)/IGNOU വഴി നെയ്ത്തുകാരുടെ കുട്ടികളുടെ

വിദ്യാഭ്യാസം, പ്രോജക്ട് മോണിറ്ററിംഗ് സെൽ, കൈത്തറി ഹെൽപ് ലൈൻ സെൻറർ, നേരത്തേയുള്ള എൻ.എച്ച്.ഡി.പി പദ്ധതികളുടെ ബാധ്യതകൾ എന്നിവ).

**XIII)സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി**

കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. പ്രസ്തുത പദ്ധതിയിൻ കീഴിൽ 6222 നെയ്ത്തുകാരും , 1600 അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുവാനും നെയ്ത്തുകാർക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും , അധിക വരുമാനം ലഭ്യമാക്കുവാനും ഈ പദ്ധതി മൂലം സാധിച്ചിട്ടുണ്ട്. 2023-24 അദ്ധ്യയന വർഷം ഒന്ന് മുതൽ ഏഴാംക്ലാസ് വരെയുള്ള സർക്കാർ സ്കൂളുകളിലെയും, ഒന്ന് മുതൽ നാലാം ക്ലാസ്സ് വരെയുള്ള എയ്ഡഡ് സ്കൂളുകളിലെയും 9.33 ലക്ഷം കുട്ടികൾക്കായി 41.65 ലക്ഷം മീറ്റർ തുണിയാണ് ഒന്നാം ഘട്ടമായി വിതരണം ചെയ്ത് പൂർത്തീകരിച്ചത് .നിലവിൽ ഒരു മീറ്റർ ഷർട്ടിംഗിന് 220.03 രൂപയും, സ്യൂട്ടിംഗിന് 316.93 രൂപയുമാണ് നെയ്ത്ത് കൂലിയായി നൽകി വരുന്നത്. 2024-25 അദ്ധ്യയന വർഷത്തേക്ക് ആവശ്യമുള്ള യൂണിഫോം തുണിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

ഈ പദ്ധതിക്കായി നാളിതു വരെ, 334.32 കോടി രൂപ നെയ്ത്തു കൂലിയിനത്തിൽ ഉൾപ്പെടെ, 554.40 കോടി രൂപ അനുവദിച്ചു നൽകി. നടപ്പു സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 77.91 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ